നദീജല സംരക്ഷണ പദ്ധതി

*25 [55] ശ്രീ. കെ. കെ. ജയചന്ദ്രൻ:

,, വി. കെ. ചന്ദ്രൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ നദീതടങ്ങളെയും പഠനവിധേയമാക്കി നദീജല സംരക്ഷണ പദ്ധതിക്ക് പദ്ധതി ഉണ്ടാക്കാൻ തയ്യാറാകുമോ;

(ബി) സംസ്ഥാനത്തെ നദീജലം ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട ഏതെല്ലാം പദ്ധതികളുടെ കാര്യങ്ങൾക്കാണ് കേന്ദ്രാനുമതി ലഭിക്കാതിരിക്കുന്നത്;

(സി) ഇൻഡ്യയിലെ നദികളെ പരസ്പരം ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) പരസ്പരം ബന്ധിപ്പിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ കേരളത്തിന്റെ താല്പര്യത്തിന് ഗുണകരമാണോ എന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കുരിയാർകുറ്റി-കാരപ്പാറ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ ജലസേചനവും വൈദ്യുതി ഉൽപാദനവും ഒരുമിപ്പിച്ച് പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ ഇത് തിരിച്ചയക്കുകയുണ്ടായി.

(സി) ഇൻഡ്യയിലെ നദികളെ പരസ്പരം ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ നിന്നും പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) പരസ്പരം ബന്ധിപ്പിക്കുന്നതിന് മുകളിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതി കേരളത്തിന്റെ താല്പര്യത്തിന് ഗുണകരമല്ലയെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly